# നീരയുടെ വിപണന സാധ്യത ഉയരുമെന്ന് ചെയർമാൻ




കൊച്ചി: 173 ഫെഡറേഷനുകൾക്ക് നീര ഉത്പാദിപ്പിക്കാനുള്ള ലൈസൻസ് ഉടൻ ലഭിക്കുമെന്നും ഇതു പ്രകാരം ആവശ്യാനുസരണം നീര വിപണിയിലെത്തിക്കാമെന്നും പ്രതീക്ഷിക്കുന്നതായും നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തതും സർക്കാർ നീര ലൈസൻസ് അനുവദിക്കുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 173 നാളികേര ഉത്പാദക ഫെഡറേഷന്റെയും, വിവിധ ജില്ലകളിൽ നിന്നുള്ള നാളികേര ഉത്പാദക കമ്പനികളുടെയും നേതൃസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

173 ഫെഡറേഷനുകൾക്ക് ലൈസൻസ് ലഭിച്ചാൽ 26000 മുതൽ 30000 വരെ നീര ടെക്നീഷ്യന്മാർക്കാണ് തൊഴിൽ ലഭിക്കുക. ജൂലൈ മാസം മുതൽ ബംബർ വിളവെടുപ്പിന് സാധ്യത കാണുന്നതിനാൽ നാളികേര വില ഇടിവിന് സാധ്യതയുണ്ട്. വിലയിടിവ് ഉണ്ടാകുന്ന സമയത്ത് മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിതരണവും ഉറപ്പാക്കുന്നതു വഴി കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയും. പത്തനംതിട്ട, വയനാട്, ഇടുക്കി എന്നി ജില്ലകളിൽ ആറു ഫെഡറേഷനുകൾ ചേർന്ന് മിനി കേരോത്പാദക കമ്പനി രൂപീകരിക്കാൻ സാധിക്കും. കമ്പനി പ്രവർത്തനക്ഷമമാകുന്നതു വരെ അയൽ ജില്ലകളിലെ കമ്പനികളുമായി സഹകരിച്ച് നീരയും ഉപോത്പന്നങ്ങളും വിതരണം ചെയ്യാനുള്ള നടപടികൾ എടുക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നീര സംസ്ക്കരണത്തിനുള്ള ആധുനിക സാങ്കേതിക വിദ്യ, സംസ്ക്കരണത്തിനും പാക്കിംഗിനുമുള്ള ആധുനിക ഉപകരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് വിദഗ്ധർ ചടങ്ങിൽ സംസാരിച്ചു.